(സി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പദ്ധതിക്കായി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് കെ. എസ്. ആർ.ടി.സി.-യിൽ നിന്നും സമർപ്പിക്കുകയുണ്ടായി. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തൊട്ടിൽപ്പാലം ഡിപ്പോയ്ക്ക് ഡീസൽ പമ്പ്

289 (2033) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് ഡീസൽപമ്പ് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഡീസൽ പമ്പ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഡീസൽ പമ്പ് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഡീസൽ പമ്പ് സ്ഥാപിക്കുന്നതിനാവശ്യമായ പ്രാഥമിക അംഗീകാരത്തിനായി ജോയിന്റ് കൺട്രോളർ ഓഫ് എസ്പ്ലോസീവ്സ്, ചെന്നൈയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഡീസൽ പമ്പ് നിർമ്മിക്കുന്നതാണ്.

ആർ. ടി. ഓഫീസുകളിലെ ഏജന്റുമാർ

290 (2034) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

•(എ) ആർ.ടി. ഓഫീസുകളിൽ ഏജന്റുമാരെ പ്രവേശിപ്പിക്കരുതെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പറും തീയതിയും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ. ഓഫീസുകളിലെ ഏജന്റുമാരെ അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓഫീസുകളിൽ നിലവിൽ ഏജന്റുമാരുടെ ഇടപെടലുകളുണ്ടോ; എങ്കിൽ ഇതിനെ എങ്ങനെയാണ് വിലയിരുത്തുന്നത്; പ്രസ്തുത ഇടപെടൽ ജനങ്ങൾക്ക് ഗുണകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇവരെ അംഗീകരിച്ചാൽ പൊതുജനങ്ങൾക്ക് നേരിട്ട് ഒരു കാര്യവും നടത്താൻ കഴിയാത്ത അവസ്ഥ ഉണ്ടാകുമെന്ന ആക്ഷേപത്തോടുള്ള നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഗതാഗത കമ്മീഷണറുടെ 3-7-2013-ലെ 16/2013 നമ്പർ സർക്കുലർ പ്രകാരമാണ് ഈ നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) ഇല്ല.

(സി) മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ ഏജന്റുമാരുടെ സാന്നിദ്ധ്യം ഉള്ളതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തുന്ന മിന്നൽ പരിശോധനകളിൽ കണ്ടെത്താറുണ്ട്. ഓഫീസിന്റെ പ്രവർത്തനങ്ങളിൽ ഏജന്റുമാരുടെ ഇടപെടൽ സർക്കാർ അതീവ ഗൗരവമായി കാണുന്നു. സർക്കാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾക്ക് ഇടനിലക്കാരുടെ സഹായം ആവശ്യമില്ല. ഇത്തരക്കാരുടെ ഇടപെടൽ ഉള്ളതായി ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ അത് നിയന്ത്രിക്കുന്നതിനായി ഉചിതമായ നിർദ്ദേശങ്ങൾ ഗതാഗത കമ്മീഷണർക്ക് നൽകാറുണ്ട്.

(ഡി) ആക്ഷേപം ശരിയാണ്. അതുകൊണ്ടുതന്നെ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ ഏജന്റുമാരുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി കർശന നിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ ഏജന്റുമാരുമായി ബന്ധമുണ്ടെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കാറുണ്ട്. ഏജന്റുമാരെ അംഗീകരിക്കുന്നതിനുള്ള ഒരു നിർദ്ദേശവും ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly